**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1374 — 06.02.2020 -ൽ മറുപടിയ്ക്ക്

**ചാലക്കുടിയിൽ അനുവദിച്ച റവന്യൂ ടവർ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) ചാലക്കുടിയിൽ അനുവദിച്ച റവന്യൂ ടവറിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) റവന്യൂ ടവർ നിർമ്മാണത്തിനായി ചാലക്കുടി നഗരസഭ പോട്ടയിൽ നിർദ്ദേശിച്ച സ്ഥലത്തിന് അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ചാലക്കുടി റവന്യൂ ടവറും ഉൾപ്പെട്ടിട്ടുണ്ട്. ചാലക്കുടി റവന്യൂ ടവർ നിർമ്മാണത്തിനായി ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്ന ചാലക്കുടി വില്ലേജ് സർവേ നമ്പർ 293/2, 294/1 എന്നിവയിൽപ്പെട്ട 55.6491 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിരുന്നുവെങ്കിലും ദേശീയ പാതയോട് ചേർന്നു കിടക്കുന്ന പ്രസ്തുത റവന്യൂ ഭൂമി ബോർഡിന് കൈമാറി ലഭ്യമാകുകയുണ്ടായില്ല. എന്നാൽ ഇപ്പോൾ റവന്യൂ ടവർ നിർമ്മാണത്തിന് ചാലക്കുടി നഗരസഭ പോട്ടയിൽ മറ്റൊരു സ്ഥലം നിർദ്ദേശിച്ചിട്ടുള്ളതും ആയത് പരിശോധിച്ചു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**